بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 27/06/14

(28 SHABAAN 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

**റീ യൂണിയൻ ദ്വീപിൽ നടത്തിയ ജുംആ ഖുത്തുബ:-**

തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹായ്ക്ക് ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു. **“അപ്പോൾ, നിങ്ങൾ ഇരുകൂട്ടരുടെയും നാഥന്റെ അനുഗ്രഹങ്ങളിൽ, ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? (55:14).”**

സൂറ: അർറഹ്മാനിലെ ഈ വചനം 31 പ്രാവശ്യം ഇതിൽ ആവർത്തിച്ചു പറയുന്നുണ്ട്. വിശ്വാസികളെ ഇതിലൂടെ ഓർമ്മപ്പെടുത്തുകയാണ്, അതായത്, ഈ എല്ലാ അനുഗ്രഹങ്ങളും നിങ്ങളുടെ സ്യഷ്ടാവിൽ നിന്നാണ് വരുന്നത് എന്നത് മറന്നു പോകരുത്, മറ്റാരിൽ നിന്നുമല്ല ഇത് വരുന്നത് എന്നും ബോധ്യപ്പെടുത്തുന്നു. മാത്രവുമല്ല, ഇതുപോലെയുള്ള മറ്റനുഗ്രഹങ്ങൾ പാരത്രികലോക ജീവിതത്തിലേക്ക് തയ്യാറാക്കി വെച്ചിട്ടുണ്ട്. ഓരോ ജീവജാലത്തിനും ആവശ്യമുള്ളതെല്ലാം അവന്റെ പക്കൽ ലഭ്യമാണ്. അല്ലാഹു (ത) പറയുന്നു. **“പകലിനെ ഉപജീവ്യ സമ്പാദനത്തിനുള്ള അവസരമാക്കുകയും ചെയ്തു.”** (78:12)

നമ്മളിൽ നിന്നും ആരംഭിക്കുന്ന ഒരുത്തമ മാതൃക നോക്കുക. നാം പ്രഭാതത്തിൽ ഉണർന്നു കഴിഞ്ഞാൽ, ദൈനംദിന ജീവിതത്തിലെ ധാരാളം, കാര്യങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ട്. പ്രഥമവും പ്രധാനവുമായ കാര്യം നമുക്ക് സംശുദ്ധമായ വായു ശ്വാസോച്ഛ്വാസത്തിന് ആവശ്യമാണ്. അപ്പോൾ നാം പെട്ടെന്നു തന്നെ ചിന്തിക്കേണ്ട കാര്യമല്ലേ ഇത് നമുക്ക്, നല്കപ്പെട്ട അനുഗ്രഹങ്ങളിലൊന്നാണ് എന്ന്. നാം ആരോഗ്യമുള്ളവരാണ്, അല്ലാഹു (ത) നല്കിയ മറ്റൊരനുഗ്രഹമല്ലേ ? ശ്വാസോച്ഛ്വാസം നടത്തുന്നതിന് പ്രയാസമില്ലാതിരിക്കുക, ശ്വസന പ്രക്രിയ നന്നായി പ്രവർത്തിക്കുക എന്നത് അല്ലാഹു നമുക്ക് നല്കിയ അനുഗ്രഹങ്ങളിൽപ്പെടുന്നതല്ലേ ?

നാം കണ്ണുതുറന്നാൽ ഉടൻതന്നെ, അടുത്തും ദൂരെയുമുള്ള കാഴ്ചകൾ കാണുന്നു. ഇത് അല്ലാഹുവിന്റെ മഹത്തായ മറ്റൊരനുഗ്രഹമല്ലേ ? നാം ഒരു മിനിട്ട് ചിന്തിക്കുവാൻ തയ്യാറായാൽ നമുക്ക് മനസ്സിലാകും, നാം കാണുന്ന അതേ സമയം, ആയിരക്കണക്കിന് ആളുകൾക്ക് കണ്ണുകൾക്ക് കാഴ്ചയില്ല എന്ന്. ഈ കാഴ്ചയുടെ കേന്ദ്രം തലച്ചോറിന്റെ പുറകിൽ വളരെ കുറഞ്ഞ സ്ഥലത്ത് നിന്നാണ് എന്ന് നിങ്ങൾക്കറിയാമോ ?

സംസാരിക്കുവാനുള്ള അത്ഭുതകരമായ അനുഗ്രഹം അല്ലാഹു നമുക്ക് നല്കിയ മറ്റൊരനുഗ്രഹം ! തലച്ചോറ് ഒരു വലിയ നിയന്ത്രണ കേന്ദ്രമാണ്. നൂറായിരം മില്ല്യൺ ഞരമ്പുകൾ കണ്ണുമായി ബന്ധിച്ചിരിക്കുന്നു. ഇതിൽ നിന്നും നിങ്ങൾ കണക്കുകൂട്ടി നോക്കുക, മറ്റു ഞരമ്പുകളുടെ ആധിക്യം എത്രയായിരിക്കുമെന്ന്. സ്പർശനേന്ദ്രിയ കേന്ദ്രവും, കേഴ്‌വി ശക്തി കേന്ദ്രവും തലച്ചോറിന്റെ രു ഭാഗങ്ങളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. തലച്ചോറിന്റെ മധ്യഭാഗത്ത് പ്രധാന പ്രവർത്തന കേന്ദ്രം സ്ഥിതിചെയ്യുന്നു. ശ്വസന പ്രക്രിയാ കേന്ദ്രവും രക്തത്തിന്റെ ഒഴുക്കും സുഷുമ്നാ കാണ്ഡത്തിന്റെ മുകളിലിയിട്ടാണ്; അഥവാ തലച്ചോറുമായി ബന്ധപ്പെടുന്ന സ്ഥലത്താണ്.

കുറേ കഴിഞ്ഞ്, പ്രഭാത ഭക്ഷണത്തിന്റെ സമയമാകുന്നു. അപ്പോൾ നമുക്കു ലഭിക്കുന്ന ആഹാരത്തിന്റെ സ്വാദ് അറിഞ്ഞ് ഭക്ഷിക്കുമ്പോൾ, നാം സന്തോഷഭരിതരായി തീരുന്നു. ഈ ലോകത്ത് നിലനിൽക്കുവാൻ, ആരോഗ്യപൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ, നമ്മുടെ കയ്യിലില്ലാത്തതെല്ലാം, നമ്മുടെ മുമ്പാകെ ലഭ്യമാക്കിയിരിക്കുന്നത് അനുഗ്രഹവർഷമല്ലേ ?

മറ്റ് കാര്യങ്ങളിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ്, നാം കഴിക്കുന്ന ആഹാരത്തിനും കുടിക്കുന്ന ജലത്തിനും എന്ത് സംഭവിക്കുന്നു എന്നു നോക്കാം. അതു മനസ്സിലാക്കുന്നതിന്, ആമാശയത്തിലെ, ദഹന പ്രക്രിയ സംവിധാനത്തെ സംബന്ധിച്ച് പഠിക്കേണ്ടതുണ്ട്.

ആമാശയം ലോകത്തിലെ ഏറ്റവും വലിയ ഫാക്ടറി ആകുന്നു. ആഹാരമെന്ന നിലയിലും പാനീയമെന്ന നിലയിലും നം കഴിക്കുന്ന എല്ലാ സാധനങ്ങളും ആമാശയം സ്വീകരിക്കുന്നു. ആമാശയത്തിൽ വച്ച് എല്ലാ ഇനത്തിൽപ്പെട്ട സാധനങ്ങളും ചതച്ചരച്ച് അവയുടെ പ്രാഥമിക രാസഘടകങ്ങളാക്കി മാറ്റുന്നു. ഒരിക്കൽ ഉപയോഗശൂന്യമായവയെ, ആ ഘടകങ്ങളെല്ലാം വീണ്ടും കൂട്ടിയോജിപ്പിച്ച് വിവിധ സെല്ലുകൾക്ക് ഉപയോഗിക്കത്തക്ക വസ്തുക്കളാക്കി മാറ്റുന്നു. എടുത്തു പറയേണ്ട ഒരു കാര്യം ദരിദ്രന്റെ ആഹാരമായാലും, ധനവാന്റെ ആഹാരമായാലും, ഒരേ രീതിയിലാണ് ആന്തരിക അവയവങ്ങൾ കൈകാര്യം ചെയ്യുന്നത്. **''നിങ്ങളിലുള്ള ഏതൊരു അനുഗ്രഹവും അല്ലാഹുവിൽ നിന്നുള്ളതാകുന്നു.''** ചില രോഗങ്ങളാൽ, ചില ആളുകൾക്ക്, ശരിയായിട്ട് ആഹാരം കഴിക്കുവാൻ കഴിയുകയില്ലായെന്നത് നിങ്ങൾക്കറിയില്ലേ ? ആയതിനാൽ ആഹാരം കഴിച്ചാൽ പെട്ടെന്ന് തന്നെ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തണം. എല്ലാ നന്ദിയും അവന്റെ നേരെ മാത്രമായിരിക്കണം. ഭക്ഷണം കഴിക്കുന്ന സ്ഥലത്തു നിന്ന് ഭക്ഷണം കഴിച്ച് എഴുന്നേൽക്കുന്നതിനു മുമ്പ് തന്നെ നന്ദി രേഖപ്പെടുത്തണം. പരമോന്നതനായ അല്ലാഹു, അവന്റെ കാരുണ്യാതിരേകത്താൽ, അവൻ നമുക്ക് ജലം, രുചികരമായ ഫലങ്ങൾ, മൃഗമാംസം, മറ്റു ധാന്യങ്ങൾ, പച്ചക്കറികളുൾപ്പടെയുള്ള സാധനങ്ങൾ, നമ്മുടെ നല്ല ജീവിതത്തിനായി പ്രദാനം ചെയ്തിരിക്കുന്നു.

ജലം നമ്മിൽ എങ്ങനെ എത്തുന്നു ? കാറ്റുകൾ മേഘത്തെ തള്ളിനീക്കുന്നു. എന്നിട്ട് നിശ്ചിത സ്ഥലത്ത് എത്തിക്കുന്നു. മഴ വർഷിക്കുന്നതിനു അനുയോജ്യമായ കരപ്രദേശത്തും, നദികളിലും അത് വർഷിക്കുന്നു. അല്ലാഹു ഉദ്ദേശിക്കുന്നവരിലേക്ക് അത് എത്തിക്കുന്നതിനായി. മനുഷ്യർ, മൃഗങ്ങൾ, ചെടികൾ തുടങ്ങിയവയ്ക്ക്. അങ്ങനെ ലോകമെങ്ങും ജീവിതം വ്യാപിക്കുന്നു. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു. **''ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ ? (21:31)''**

സ്യഷ്ടാവ്, പരമദയാലുവായവൻ, ആദം സന്തതികൾക്കെല്ലാം മൃഗങ്ങളെ പ്രദാനം ചെയ്തിരിക്കുന്നു. അവയിൽ ചിലതിനെ അവർ ആഹാരമായി ഉപയോഗിക്കുന്നു. മറ്റു ചിലതിനെ യാത്ര ചെയ്യുവാൻ ഉപയോഗിക്കുന്നു. മൃഗലോകത്തെയും പക്ഷി ലേകത്തേയും, പ്രാണി ലോകത്തേയും കുറിച്ച് സൂക്ഷ്മ പഠനം നടത്തിയാൽ, ഇവയിൽ ധാരാളം അത്ഭുതങ്ങൾ കുടികൊള്ളുന്നതായി കാണാം. പൂർണ്ണമായി വിശദീകരിക്കുക അസാധ്യം തന്നെ.

ഇതെല്ലാം കണ്ടിട്ട്, അല്ലാഹുവിന്റെ കഴിവും ഇച്ഛയും നാം അംഗീകരിക്കുക തന്നെ ചെയ്യേണ്ടിവരും. അവൻ പറയുന്നു. **''ചരിക്കുന്ന എല്ലാ ജീവികളേയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. അപ്പോൾ അവയിൽ ചിലത് അവയുടെ വയറിന്മേൽ ഇഴഞ്ഞു നടക്കുന്നു. അവയിൽ ചിലത് രണ്ട് കാലിന്മേൽ നടക്കുന്നു. അവയിൽ ചിലത് നാലു കാലുകളിന്മേൽ നടക്കുന്നു.''**(24:46)

അല്ലാഹുവിന് പുറമെ ഒരു പങ്കുകാരനെ സ്ഥാപിക്കുവാൻ നമുക്ക് കഴിയുമോ ? അവൻ അതുല്യനായ ദൈവമായിരിക്കെ ! ഈ എല്ലാ അനുഗ്രങ്ങളും അവന്റെ മഹത്വത്തെ താരതമ്യം ചെയ്യുവാൻ കഴിയാത്ത നിലയിലുള്ളതാണ്. അനുഗ്രഹങ്ങളെപ്പറ്റി പറയുമ്പോൾ സമുദ്രത്തെ നാം മറക്കുവാൻ പാടില്ല. സമുദ്രാന്തർഭാഗത്തെ അലങ്കരിച്ചുകൊണ്ട് പവിഴപുറ്റുകളും, മത്സ്യങ്ങളും. മത്സ്യങ്ങളോ നമുക്ക് ആഹാരവും !

പരിസ്ഥിതിയെ മനോഹരമാക്കികൊണ്ട് അനേകതരം പക്ഷികൾ, ഇതും അവന്റെ അനുഗ്രങ്ങളിൽ പെട്ടതാണ്. അതുപോലെ സൂക്ഷ്മജീവികൾ, അവയിൽ ചിലത് മനുഷ്യർക്ക് വളരെ പ്രയോജനമുള്ളതാകുന്നു. അതിൽപെട്ടതാണ്. **“നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നല്കി, മലകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും, മനുഷ്യർ കെട്ടിയുണ്ടാക്കുന്ന പന്തലിൽ നിന്നും ചിലയിടങ്ങളിൽ നീ കൂടുകളുണ്ടാക്കുക. പിന്നെ എല്ലാ ഫലവർഗ്ഗങ്ങളിൽ നിന്നും നീ ഭക്ഷിക്കുക. എന്നിട്ട് നിന്റെ നാഥന്റെ സരണികളിൽ സുഗമമായി പ്രവേശിക്കുകയും ചെയ്യുക. അവയുടെ വയറുകളിൽ നിന്ന് വിവിധ വർണ്ണങ്ങളോടുകൂടിയ ഒരു പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗ ശമനം ഉണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്.”**(16:69 – 70)

**“നാം മനുഷ്യനെ ഏറ്റവും നല്ല നിലയിലാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ അനുഗ്രങ്ങൾ എല്ലാം ഉണ്ടായിട്ടും, അധമാവസ്ഥയിൽ ഇന്ന് കഴിയുവാനാണോ നീ ആഗ്രഹിക്കുന്നത്.”**(95:5 – 6)

ശാരീരികമായും, ആത്മീയമായും, ഭൗതീകമായുമുള്ള അല്ലാഹു (ത) യുടെ അനുഗ്രങ്ങളെ സ്മരിച്ചുകൊണ്ട് ജമാ അത്തുസ്സഹീഹിൽ ഇസ്ലാം, എല്ലാ സഹോദരീസഹോദരന്മാർക്കും റമദാൻ ആശംസകൾ നേരുകയാണ്. – റമദാൻ മുബാറക്ക് – ഈ വരുന്ന റമദാൻ നമുക്ക് എല്ലാം അനുഗ്രഹപ്രദമായിരിക്കുവാൻ പ്രാർത്ഥിക്കുന്നു. മുഴു മുസ്ലീം ലോകത്തിനും അനുഗ്രഹപ്രദമായിരിക്കട്ടെ ! ഇൻശാ അല്ലാഹ് !.

മുസ്ലീം ചാന്ദ്ര കലർ പ്രകാരം റമദാൻ 9-ാ മത്തെ മാസമാകുന്നു. മുൻ കഴിഞ്ഞ റമദാൻ മാസത്തെക്കാൾ ഓരോ സൂര്യവർഷപ്രകാരം 11 ദിവസം മുൻപേ റമദാൻ മാസം വരുന്നതാണ്. ആയതിനാൽ ലോകമെങ്ങും റമദാൻ മാസം എല്ലാ കാലത്തും കഴിഞ്ഞു പൊയ്ക്കൊണ്ടിരിക്കും.

അങ്ങനെ, ഇസ്ലാം മതം ഒരു മധ്യമമതമാണ് എന്നത് സത്യമാണെങ്കിലും അത് കടുംപിടുത്തങ്ങൾ ഒഴിവാക്കുന്നു. എന്നാൽ അത്യാവശ്യം വേണ്ടത് ഒഴിവാക്കുവാനും അനുവദിക്കുന്നില്ല. അതിന്റെ ലക്ഷ്യം ഒരു മധ്യമ മാർഗ്ഗമാണ്. അങ്ങേയറ്റവും പാടില്ല. ഇങ്ങേയറ്റവും പാടില്ല. അല്ലാഹു (ത) കല്പിക്കുന്നതെന്തോ, അത് നിർബന്ധമാണെന്ന് കരുതുക. അനുവദിക്കുന്നതിനെയും, അഭിപ്രായ സ്വാതന്ത്ര്യത്തെയും സാഹചര്യങ്ങൾക്കനുസൃതമായി പ്രയോജനപ്പെടുത്തുക. എന്നാൽ അത് അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാൻ ആയിരിക്കണം. ഇതാണ് നന്മ. ഇതിനാണ് മധ്യമമാർഗ്ഗം എന്ന് പറയുന്നത്.

ആയതിനാൽ വ്യതാനുഷ്ഠാനത്തിന്റെ ഗുണനിലവാരമുയർത്തുക എന്നത് മാത്രമല്ല ഒരു മുസ്ലീം ചെയ്യേണ്ടത്. വ്യതാനുഷ്ഠാനത്തിന്റെ ഗുണനിലവാരമുയർത്തുന്നതിന്റെ ഭാഗമായി പ്രഭാതത്തിന് മുമ്പ് തഹജ്ജുദ് പ്രാർത്ഥനയുണ്ട്, രണ്ടാമതായി വ്യതമനുഷ്ഠിക്കുന്നയാൾക്ക് അനുവദനീയമായ കാര്യങ്ങളും വർജ്ജിക്കേണ്ട കാര്യങ്ങളുമുണ്ട്. ഇതും മനസ്സിലാക്കിയിരിക്കണം എന്നിട്ട് അതനുസരിച്ച് പ്രവർത്തിക്കണം. വ്യതാനുഷ്ഠാന സമയത്ത് തുറന്ന ചർച്ചകൾ, ആരോപണ പ്രത്യാരോപണങ്ങൾ, ഉച്ചത്തിലുള്ളസംസാരം, നിരോധിക്കപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, തുടങ്ങിയ കാര്യങ്ങളെല്ലാം വെറുക്കപ്പെട്ടതും നിഷ്ഫലവുമാണ് എന്ന് ഒരു വിശ്വാസി അറിഞ്ഞിരിക്കണം. വ്യതാനുഷ്ഠാനകാലം ഒരു തയ്യാറെടുപ്പുകാലമാണ്. ! ഒരു പരിശീലനസമയമാണ്. ഒരുമാസക്കാലം തന്റെ നാവ് നിയന്ത്രിക്കുവാനുള്ള പരിശീലനം ! അതു കഴിഞ്ഞ് അവന്റെ നാവ് നിയന്ത്രണത്തിലായിരിക്കണം. ലക്ഷ്യം നേടുന്നതിന് ഒരു മാസം അവസാനിക്കുന്നതുവരെ

കാത്തിരിക്കേണ്ടതില്ല. തന്റെ ആത്മീയ ഉയർച്ചയ്ക്കും, ശാരീരിക ആരോഗ്യത്തിനും പര്യാപ്തമായ കാര്യങ്ങളാണ് റമദാൻ മാസത്തിൽ അനുഷ്ഠിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഏതൊരാളാണോ, ഒരുമാസക്കാലം, ദൈവസ്മരണയിൽ കഴിഞ്ഞുകൂടുവാൻ ശീലമാക്കിയത്, അല്ലാഹുവിന്റെ സ്നേഹത്തിന് വേണ്ടി അവനെ പ്രകീർത്തിച്ചുകൊണ്ടിരുന്നത്, അല്ലാഹുവിന്റെ സ്മരണയാൽ തന്റെ ഹൃദയം നിറച്ചത്, അവൻ ഒരു മാസത്തിനുശേഷം അവന്റെ പഴയ മോശമായ പ്രവൃത്തിയിലേക്ക് പോകുകയാണെങ്കിൽ, അത് തികച്ചും യുക്തിഹീനമായ ഒരു കാര്യമാണ്. അങ്ങനെ അവൻ പഴയ തിന്മകളിലേക്ക് മടങ്ങിപോവുകയാണെങ്കിൽ, വ്യതാനുഷ്ഠാനത്തിന്റെ അർത്ഥം അവന് മനസ്സിലായിട്ടില്ല എന്നർത്ഥം, വ്യതാനുഷ്ഠാനത്തിന്റെ ഒരു ഫലവും അവനിൽ ഉണ്ടായിട്ടില്ലാ എന്നർത്ഥം.

ഇക്കാര്യത്തെ നമുക്ക് ഇങ്ങനെ താരതമ്യപ്പെടുത്താം. ഒരാൾക്ക് കഴിക്കുവാൻ ഒരുമാസക്കാലം ഏറ്റവും നല്ല ആഹാരം പ്രദാനം ചെയ്തു. എന്നാൽ അയാൾ ആ മാസം അവസാനിക്കുന്നതിനായി അക്ഷമനായി കാത്തിരിക്കുകയാണെങ്കിൽ ! അനുഗ്രഹീതമായ ആ മാസം അവസാനിച്ചാൽ ഉടൻ മോശം ആഹാരം കഴിക്കുവാനായി അവൻ മടങ്ങിപോയാൽ അവനെപ്പറ്റി നമുക്ക് എന്തു പറയുവാനാണുള്ളത് ?

വ്യതാനുഷ്ഠാന മാസത്തിലൂടെ, അടുത്ത 11 മാസത്തെ പ്രവർത്തനങ്ങളെ നന്മയിലാക്കുവാനുള്ള ഉത്തരവാദിത്വമാണ് നമ്മെ ഏൽപ്പിക്കുന്നത്. ആയതിനാൽ വ്യതാനുഷ്ഠാന മാസത്തിൽ നാം ആർജ്ജിച്ച ചൈതന്യം അടുത്ത 11 മാസത്തിലൂടെ ബഹിർഗമിക്കേണ്ടതാണ്.

റമദാൻ മാസത്തിൽ നല്ല നിലയിൽ ജീവിക്കുവാനുള്ള തൗഫീഖ് അല്ലാഹു പ്രദാനം ചെയ്യട്ടെ ! അല്ലാഹു തന്റെ അനുഗ്രങ്ങൾ തന്റെ ദാസന്മാർക്ക് ശാരീരിക നിലയിലും, ഭൗതികനിലയിലും, ആത്മീയ നിലയിലും നല്കുന്ന പരിശുദ്ധമാസമാണ് റമദാൻ. അങ്ങനെ അല്ലാഹുമായി കൂടുതൽ സാമീപ്യത്തിലാകുവാനും അവന്റെ അനന്തമായ സ്നേഹവായ്പിൽ പ്രവേശിക്കുവാനും തുണയ്ക്കട്ടെ ! ഇൻശാ അല്ലാഹ് !.

റീയൂണിയൻ ദ്വീപിൽ എനിക്കു നല്കിയ ഊഷ്മള വരവേൽപ്പിന് നന്ദി. അല്ലാഹു (ത) നിങ്ങൾക്ക് അർഹമായ പ്രതിഫലം നല്കട്ടെ ! ഏകനായ അല്ലാഹുവിനെ മാത്രം ആശ്രയിക്കുവാനുള്ള സഹായം നിങ്ങൾക്ക് നല്കട്ടെ ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ലക്ഷ്യത്തിലേക്ക് നിങ്ങളുടെ സഹായഹസ്തം നീളട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated & Issued By:**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South Zone
*Ph: 9447001832 / 0475 2220223*
*Email: jamal.raother@gmail.com*
*Web: www.jamaat-ul-sahih-al-islam.com*

*****************